## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*259</u> <u>19.06.2018 ൽ മറുപടിയ്ക്ക്</u>

## കാർഷിക മേഖലയിലെ പദ്ധതികളുടെ നടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള ബജറ്റുകളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ബഡ്ജറ്റുകളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സമയാസമയങ്ങളിൽ വിലയിരുത്തൽ നടത്തുന്നുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് കൃഷി വകുപ്പ് നൽകുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുമ്പോൾ കൃഷി വകുപ്പിന്റെ വിവിധ തലങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ബന്ധപ്പെട്ട നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും സംസ്ഥാനതലത്തിൽ ബന്ധപ്പെട്ട നോഡൽ കൃഷി അഡീഷണൽ ഡയറക്ടർമാരും മോണിറ്റർ ചെയ്ത് ഉറപ്പുവരുത്തുന്നു. സർക്കാർ തലത്തിലും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച സമയാസമയങ്ങളിൽ വിലയിരുത്തൽ നടത്തുന്നുണ്ട്. ഇതിനു പുറമെ മന്ത്രി തലത്തിൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിലയിരുത്തലുകൾ നടത്തി വരുന്നുണ്ട്.

ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നടപ്പിലാക്കുവാൻ സാധിക്കാത്തവ ഏതെല്ലാമാണെന്നും നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബി) <u>2016-17 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റ് പ്രസംഗത്തിലെ നടപ്പിലാക്കാൻ സാധിക്കാതിരുന്ന നിർദ്ദേശങ്ങൾ.</u>

- <u>നാളികേര പ്രൊഡ്യൂസർ കമ്പനികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാളികേര പാർക്കുകൾ ആരംഭിക്കുന്നതാണ്.</u>

നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കോക്കനട്ട് അഗ്രോപാർക്ക് കുത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്തവ്യാപാര

വിപണന കേന്ദ്രത്തിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- <u>വെളിച്ചെണ്ണയുടെ നികുതിയിൽ നിന്നു കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകും.</u>

വെളിച്ചെണ്ണയുടെ നികുതിയിൽ നിന്നു കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകുന്നത് G.S.T യുടെ വരവോടെ നികുതി ഘടനയിൽ മാറ്റം ഉണ്ടായതിനാൽ തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

- <u>കാർഷികോൽപന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിനായി കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട് പുതുതായി ആരംഭിക്കും.</u>

2017-18 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ അഗ്രോസൂപ്പർ ബസ്സാർ ആരംഭിച്ചു. കൂടാതെ കേരളത്തിലെ കാർഷിക വിപണന മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

- <u>ഇടുക്കിയിലും വയനാട്ടിലും ഓരോ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതാണ്.</u>

  നാബ്കോൺ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

- <u>പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം.</u>

പച്ചക്കറി പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

<u>2017-18 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റ് പ്രസംഗത്തിലെ നടപ്പിലാക്കാൻ സാധിക്കാതിരുന്ന നിർദ്ദേശങ്ങൾ.</u>

- <u>മൂല്യവർദ്ധന ഉൽപന്നങ്ങൾക്കായി 14 അഗ്രോപാർക്കുകൾ KIIFB യിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ലക്ഷ്യമിട്ട് കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾക്ക് രൂപം നൽകൽ.</u>

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള

അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുകയും 100 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. നടപടികൾ പുരോഗമിക്കുന്നു. കൂടുതൽ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം സർക്കാർ സജീവമായി പരിഗണിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**